I/93698/2024

VC/34303/2018/Coll.Edn

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ
തിരുവനന്തപുരം
തീയതി: 27-05-2024

## കാരണം കാണിക്കൽ നോട്ടീസ്

കോഴിക്കോട് ആർട്സ് & സയൻസ് കോളേജിലെ ക്ലാർക്ക് ശ്രീ. അഭിനന്ദ് . എം.വി.- യെ (നിലവിൽ സസ്പെൻഷനിൽ) അറിയിക്കുന്നത്,

താങ്കൾ ടി കോളേജിൽ സേവനത്തിൽ തുടർന്ന് വരവേ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്നുവെന്നും ഖണ്ഡിത സ്വഭാവത്തിൽ അവധിയിൽ പ്രവേശിക്കുകയും ചെയ്യുന്നു എന്നും 02.08.2018 തീയതിയിലെ അർദ്ധ ഔദ്യോഗിക കത്ത് നം. ബി2-1066, 2018 പ്രകാരം ടി കോളേജ് പ്രിൻസിപ്പാൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു. താങ്കളുടെ ഈ അച്ചടക്ക ലംഘനങ്ങൾ ഓഫീസ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നും കൂടാതെ വാക്കാലുള്ള ഉപദേശവും മെമ്മോ ഉൾപ്പെടെ താങ്കൾക്ക് നൽകിയിട്ടും താങ്കൾ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്നു എന്നും പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിരുന്നു. പ്രിൻസിപ്പാളിന്റെ ഈ റിപ്പോർട്ടിനെ തുടർന്ന് താങ്കൾക്ക് ഈ വിഷയത്തിൽ അടിയന്തിര വിശദീകരണം നൽകുന്നതിന് 23.08.2018 തീയതിയിലെ നം. വിസി/34303/2018/കോ.വി.വ. പ്രകാരം മെമ്മോ നൽകിയിരുന്നു. താങ്കൾ സമർപ്പിച്ച മെമ്മോയുടെ 14.09.2018 തീയതിയിലെ മറുപടിയിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിന്നത് മനഃ പൂർവ്വമല്ല എന്നും ചില പ്രത്യേക സാഹചര്യത്തിൽ ചെയ്തതാണെന്നും വീഴ്ച മാപ്പാക്കണമെന്നുമാണ് താങ്കൾ അപേക്ഷയിച്ചിരുന്നത്. ടി -കോളേജ് പ്രിൻസിപ്പാളിന്റെ 25.10.2018, 16.02.2019 തീയതിയിലെ കത്ത് നം. ബി2-1066/2018 പ്രകാരം വീണ്ടും താങ്കൾ ഖണ്ഡിത സ്വഭാവത്തിൽ അവധിയെടുക്കുന്നു എന്നും കൂടാതെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്നു എന്നും പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിരുന്നു. മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുകയും നിരന്തരം അച്ചടക്ക ലംഘനം ആവർത്തിച്ച് ടി -കോളേജിന്റെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന താങ്കൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ അനിവാര്യമായതിനാൽ അച്ചടക്ക നടപടികളുടെ ഭാഗമായി 22.04.2019 തീയതിയിലെ നം. വിസി/34303/2018/കോ.വി.വ. പ്രകാരം താങ്കൾക്ക് കഠിന ശിക്ഷക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു.

കുറ്റപത്രവും കുറ്റാരോപണ പത്രികയും കൈപ്പറ്റിയ താങ്കൾ 15.06.2019 തീയതിയിൽ സമർപ്പിച്ച പ്രതിവാദ പത്രികയിൽ താങ്കൾ അസുഖബാധിതനായി വീട്ടിൽ ചികിത്സയിൽ ആണെന്നും പൂർണ്ണ ആരോഗ്യം വീണ്ടെടുത്ത ശേഷം വീണ്ടും ജോലിക്ക് ഹാജരാകാമെന്നും അറിയിച്ചിരുന്നു. കൂടാതെ 07.02.2019 മുതൽ 29.06.2019 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിക്കുള്ള അപേക്ഷ സമർപ്പിക്കുകയാണെന്നും അറിയിച്ചിരുന്നു. എന്നാൽ താങ്കൾ ടി -കാലയളവ് കഴിഞ്ഞിട്ടും സേവനത്തിൽ തിരികെ പ്രവേശിക്കാത്തതായി കണ്ടെത്തിയതിനെ തുടർന്ന് ഈ കാര്യാലയത്തിലെ നോട്ടീസ് നം. വി.സി./34303/2018/കോ.വി.വ. തീയതി: 20.03.2020 പ്രകാരം പത്ത് ദിവസത്തിനുള്ളിൽ ജോലിയിൽ തിരികെ പ്രവേശിക്കണമെന്നും അതല്ലെങ്കിൽ കർശന അച്ചടക്ക നടപടി ഉണ്ടാകുമെന്നും താങ്കൾക്ക്

അറിയിപ്പ് നൽകിയിരുന്നു. എന്നാൽ ടി - നോട്ടീസ് കൈപ്പറ്റിയ താങ്കൾ സേവനത്തിൽ പ്രവേശിച്ചിരുന്നില്ല. തുടർന്ന് വകുപ്പുതല അച്ചടക്ക നടപടികൾ നിലനിൽക്കുമ്പോൾ തന്നെ നിരന്തരം അച്ചടക്ക ലംഘനം ആവർത്തിക്കുകയും വകുപ്പ് നൽകുന്ന അറിയിപ്പുകളോട് ബോധപൂർവ്വം പ്രതികരിക്കാതിരിക്കുകയും ചെയ്യുന്ന താങ്കളെ 13.01.2021 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഉത്തരവ് നം. വിസി/34303/2018/കോ.വി.വ. പ്രകാരം ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തും ഉത്തരവായിരുന്നു.

താങ്കൾക്കെതിരെ വകുപ്പ് സ്വീകരിച്ചുവരുന്ന അച്ചടക്ക നടപടിയിൽ തുടർ നടപടിയായി ഔപചാരിക അന്വേഷണത്തിന് കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഉപമേധാവിയുടെ കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർ ശ്രീ. ടി. മണി - യെ 11.06.2021 തീയതിയിലെ ഉത്തരവ് നം. വിസി/34303/2018/കോ.വി.വ. പ്രകാരം നിയോഗിച്ച് ഉത്തരവായിരുന്നു. ഔപചാരിക്ക അന്വേഷണ തീയതി വ്യക്തമാക്കിക്കൊണ്ട് 29.09.2021 തീയതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ പ്രിൻസിപ്പാളിന് നൽകിയ അറിയിപ്പ് പ്രകാരം താങ്കളോട് ഔപചാരിക അന്വേഷണത്തിന് ഹാജരാകാൻ 06.10.2021 തീയതിയിൽ ടി -കോളേജ് പ്രിൻസിപ്പാൾ അറിയിപ്പ് നൽകിയിരുന്നെങ്കിലും താങ്കൾ ടി -അറിയിപ്പ് കൈപറ്റാത്തതിനാൽ അത് മടങ്ങി വരികയാണ് ഉണ്ടായത്. തുടർന്ന് താങ്കൾ അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരാകണം എന്ന് കാണിച്ചുകൊണ്ട് അനുബന്ധം H5 നോട്ടീസ് 25.06.2022, 26.06.2022 തീയതികളിലെ മലയാള മനോരമ , ദേശാഭിമാനി പത്രങ്ങളിലൂടെ താങ്കളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ചിരുന്നെങ്കിലും താങ്കൾ ഔപചാരിക അന്വേഷണത്തിനോട് സഹകരിക്കാത്തതിനാൽ Ex -parte ആയി അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് 07.11.2023 തീയതിയിൽ സമർപ്പിച്ചിരുന്നു. ടി -റിപ്പോർട്ടിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതര വീഴ്ച വരുത്തുകയും, അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന് നിരന്തരം അച്ചടക്ക ലംഘനം ആവർത്തിക്കുകയും ചെയ്യുന്ന താങ്കൾക്കെതിരെ ഗുരുതരമായ അച്ചടക്ക ലംഘനത്തിനുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥൻ ശിപാർശ ചെയ്തിരുന്നു. അച്ചടക്ക നടപടികളുടെ ഭാഗമായി താങ്കളുടെ സസ്പെൻഷൻ ദീർഘിപ്പിച്ചിട്ടുള്ളതുമാണ്.

താങ്കൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ കാരണമായത് താങ്കൾ കൃത്യ നിർവ്വഹണത്തിൽ യാതൊരു ഉത്തരവാദത്തവും കാണിക്കാതെ ഗുരുതരമായ വീഴ്ച്ച വരുത്തിയതും മേലധികാരികൾ പലതവണ ഉചിത മാർഗ്ഗേന താങ്കൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടും അവയെല്ലാം അവഗണിച്ചുകൊണ്ട് അനധികൃത അവധിയിൽ തുടർന്ന് ടി -സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തിയിട്ടുള്ളതിനുമാണ്. വകുപ്പുതല അച്ചടക്ക നടപടികളുടെ എല്ലാ ഘട്ടങ്ങളിലും താങ്കളുടെ ഭാഗം വിശദമാക്കാനും രേഖകൾ ഉൾപ്പെടെ ഹാജരാക്കാനുമുള്ള അവസരണങ്ങൾ നൽകിയിരുന്നു. ഒരു സർക്കാർ ജീവനക്കാരനായ താങ്കൾ വകുപ്പിൽ നിന്ന് അയക്കുന്ന അറിയിപ്പുകളോട് പ്രതികരിക്കാതെ തികച്ചും നിരുത്തരവാദപരമായി ആണ് പെരുമാറിയിട്ടുള്ളത്. താങ്കളോ താങ്കളുടെ രക്ഷാകർത്താക്കളോ അതല്ലെങ്കിൽ താങ്കൾ ചുമതലപ്പെടുത്തിയ വ്യക്തിയോ നാളിതുവരെ താങ്കളുടെ താമസസ്ഥലം മാറിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള വിവരമോ അതല്ലെങ്കിൽ താങ്കൾക്ക് കൂടുതലായി എന്തെങ്കിലും ഈ വിഷയത്തിൽ പറയാനുണ്ടെങ്കിലോ ആയത് സംബന്ധിച്ച വിവരങ്ങളോ രേഖാമൂലം അറിയിച്ചിട്ടില്ല. പത്രമാധ്യമങ്ങളിൽ കൂടിയും മറ്റ് അറിയിപ്പുകളിലൂടെയും താങ്കൾക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്ക നടപടികളെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ താങ്കൾക്ക് നൽകിയിരുന്നെങ്കിലും, അവക്ക് പ്രതികരിക്കാതെയും അവയെല്ലാം അവഗണിച്ച് ഉത്തരവാദിത്ത ബോധമില്ലാതെയും പെരുമാറിയ താങ്കൾ സർക്കാർ ജീവനക്കാർക്ക് യോജിക്കാത്ത രീതിയിൽ

ബോധപൂർവ്വം പ്രവർത്തിക്കുകയും നിരന്തരം അച്ചടക്ക ലംഘനം ആവർത്തിച്ച് സർക്കാർ സംവിധാനത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയുമാണ് ഫലത്തിൽ ചെയ്തിരിക്കുന്നത്. ഇപ്രകാരമുള്ള താങ്കളുടെ പ്രവർത്തികൾ സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് എതിരുമായതിനാൽ താങ്കൾക്കെതിരെ സ്വീകരിച്ചുവരുന്ന വകുപ്പുതല അച്ചടക്ക നടപടിയിൽ ശിക്ഷയായി കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും , നിയന്ത്രണവും അപ്പീലും ) 1960, ചട്ടം 11 (1) (vii) പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താത്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ തങ്ങൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി - താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

Signed by
Aseem A
Date: 27-05-2024 17:26:38

ഒപ്പ് /-
അസീം. എ.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീ. അഭിനന്ദ് . എം.വി.
ക്ലാർക്ക്, സർക്കാർ ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് (പ്രിൻസിപ്പാൾ മുഖേനെ )

പകർപ്പ്:

1. പ്രിൻസിപ്പാൾ, സർക്കാർ ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് ( കാരണം കാണിക്കൽ നോട്ടീസിന്റെ ഒരു പകർപ്പ് ശ്രീ. അഭിനന്ദ് . എം.വി.-യുടെ നിലവിലുള്ള മേൽ വിലാസത്തിലേക്കും മറ്റൊരു പകർപ്പ് ഇമെയിൽ വിലാസത്തിലേക്കും അയക്കേണ്ടതാണ്.)
2. സി2 സീറ്റ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം , വികാസ് ഭവൻ , തിരുവനന്തപുരം
3. കരുതൽ ഫയൽ / നടപ്പ് ഫയൽ